>> തർബിയത്ത്

● സഈദ് മുത്തനൂർ

# സംതൃപ്തി നേടാനുള്ള വഴി

**ഉള്ളതുകൊണ്ട്** തൃപ്തിപ്പെടൽ (ഖനാഅത്ത്) ഉത്തമ വിശ്വാസിയുടെ ലക്ഷണങ്ങളിൽ പെടുന്നു. വിശ്വാസി അല്ലാഹു നൽകിയ വിഭവത്തിൽ സംതൃപ്തനാവണം. ഫദാല ഇബ്നു ഉബൈദിൽനിന്ന് റിപ്പോർട്ട്. നബി(സ) പറയുന്നത് ഞാൻ കേട്ടു: "ഇസ്‌ലാമിലേക്ക് മാർഗദർശനം ചെയ്യപ്പെടുകയും അല്ലാഹു നൽകിയതുകൊണ്ട് തൃപ്തിപ്പെടുകയും ചെയ്ത മനുഷ്യൻ തീർച്ചയായും വിജയിച്ചിരിക്കുന്നു."

ഖനാഅത്ത് എന്നാൽ അല്ലാഹുവിന്റെ വീതംവെക്കലിൽ സന്തുഷ്ടനാവുക എന്നാണർഥം. നബി(സ) പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ, നീ നൽകിയതിൽ എന്നെ സന്തുഷ്ടനാക്കേണമേ." നബി(സ)യുടെ സ്വഭാവവും അതായിരുന്നു. തന്റെ സഖാക്കളിൽ ഈ സംസ്കാരം നബി വളർത്തുകയും ചെയ്തു.

അബൂഹുറയ്റ(റ) പറയുന്നു: "നബി(സ) ഞങ്ങൾക്ക് ഒമ്പത് കാരക്ക വീതം വെച്ചു. ഞങ്ങൾ ഒമ്പതുപേരുണ്ടായിരുന്നു. ഓരോരുത്തനും ഓരോന്ന് കിട്ടി. കാരക്ക അനുചരന്മാർക്ക് വലിയ ആവശ്യമുള്ള വസ്തുവല്ലാതിരുന്നിട്ടും അദ്ദേഹം അത് നീതിപൂർവം വിതരണം ചെയ്തു."

അബ്ദുല്ലാഹിബ്നു ഉമറിൽനിന്ന് നിവേദനം: നബി പറഞ്ഞു: "അല്ലാഹു അവന്റെ അടിമയോട് പറയും: മനുഷ്യപുത്രാ, നിന്റെ അടുക്കൽ നിനക്ക് ആവശ്യമുള്ളത്ര സമ്പത്തുണ്ട്. എന്നാലും ഇനിയും വേണമെന്നാണ് നിന്റെ വിചാരം. നിന്റെ ധിക്കാരം കാരണം അൽപം കൊണ്ട് നീ തൃപ്തിപ്പെടുന്നില്ല. എന്നാൽ കുറേയധികം നിന്റെ ആമാശയത്തിൽ കുത്തിനിറക്കാനും വയ്യ."

നബിയുടെ സന്നിധിയിൽ ഒരാൾ ഒരപേക്ഷയുമായി വന്നു. 'ദൈവദൂതരേ, എനിക്ക് ഉപാകരപ്രദമായ ഒരു പ്രാർഥന പഠിപ്പിച്ചുതന്നാലും!' നബി പറഞ്ഞു: 'നീ ഇങ്ങനെ പ്രാർഥിക്കുക: അല്ലാഹുവേ എനിക്ക് പൊറുത്തുതരേണമേ, എന്റെ സ്വഭാവത്തിൽ സവിശേഷമായ വിശാലത നൽകേണമേ, എന്റെ ജോലിയിൽ ബർക്കത്ത് വർധിപ്പിച്ചുതരേണമേ, നീ ഏതൊന്ന് എനിക്ക് ഔദാര്യമായി ഒരുക്കിത്തന്നുവോ അതിൽ സന്തുഷ്ടി നൽകേണമേ!'

അല്ലാഹുവിന്റെ അടുക്കലാണ് യഥാർഥ നന്മയും മേന്മയുമുള്ള വിഭവങ്ങളുള്ളതെന്ന് നമുക്കുറപ്പുണ്ടെങ്കിൽ, ഈ ലോകത്തെ ജീവിതം ഒരു അതിഥിമന്ദിരത്തിലേതു പോലെയായിരിക്കണം. ഈ മന്ദിരത്തിൽ ഒരു പ്രത്യേക വസ്തുവിനോട് താൽപര്യം ഉണ്ടായിട്ട് കാര്യമില്ല. ഈ വസ്തുക്കളിൽനിന്ന് നമ്മുടെ അത്യാവശ്യങ്ങൾ പൂർത്തീകരിക്കാൻ മാത്രം, സംതൃപ്തിയോടെ സ്വീകരിക്കുക- പിന്നെ തിരിച്ചുപോവുക. ഈ ലോകജീവിതത്തെക്കുറിച്ച് മനുഷ്യന്റെ കാഴ്ചപ്പാട് ഇതാണെങ്കിൽ അതിന് ഖനാഅത്ത് ഏറെ സഹായകമാകും.

സൽമാനുൽ ഫാരിസി നബിയുടെ പ്രമുഖ അനുചരന്മാരിൽ ഒരാളാണ്. അദ്ദേഹത്തിന്റെ മഹത്ത്വം നബിവചനങ്ങളിൽ വന്നിട്ടുണ്ട്. നബി പറഞ്ഞു: "സൽമാൻ എന്റെ കുടുംബത്തിൽ പെട്ടവനാണ്." അദ്ദേഹം സച്ചരിതരായ ഖലീഫമാരുടെ കാലത്തും അതിനു ശേഷവും വിവിധ ഭരണമേഖലകളിൽ കഴിവു തെളിയിച്ചിട്ടുണ്ട്. മരണം ആസന്നമായപ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ടിരുന്നു. ഒരാൾ ചോദിച്ചു: "അബൂ അബ്ദില്ലാ, എന്തിനാണ് താങ്കൾ കരയുന്നത്?" മറുപടി: "നബിയുടെ വസ്വിയ്യത്ത് യഥാവിധി പാലിക്കാൻ കഴിഞ്ഞില്ലെന്ന് എനിക്ക് പേടിതോന്നുന്നു. നബി(സ) പറയാറുണ്ടായിരുന്നു. ഒരു യാത്രക്കാരന്റെ പാഥേയം മാത്രമേ ഇഹലോകത്ത് നിനക്കായി കരുതിവെക്കാവൂ. അത്യാവശ്യമുള്ളതല്ലേ യാത്രക്കാരൻ കൂടെ കൊണ്ടുപോകൂ."

അങ്ങനെ സൽമാനുൽ ഫാരിസി മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സ്വത്തുവിവരം ആളുകൾ പരിശോധിച്ചു. അത് 30 ദിർഹം തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹം നബിയുടെ വസ്വിയ്യത്ത് പാലിച്ചില്ലെന്നു പേടിച്ച് കരയുന്നു. എപ്രകാരമാണ് നബി(സ) സഖാക്കളെ തർബിയ്യത്ത് നൽകി വളർത്തിയെടുത്തതെന്ന് ഇത് നമുക്ക് മനസ്സിലാക്കിത്തരുന്നു.

ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുന്നവൻ ഏറെ ധന്യനായിരിക്കും. പ്രവാചക വചനങ്ങളിൽ വന്നതുപോലെ, സമ്പത്തുള്ളവനല്ല ധനികൻ, പ്രത്യുത മനഃസംതൃപ്തിയുള്ളവനാണ്. അല്ലാഹുവോടല്ലാതെ അവൻ ആവശ്യങ്ങൾ ചോദിക്കുകയില്ല. മറ്റുള്ളവരുടെ വിഭവങ്ങളിൽനിന്ന് തീർത്തും വിരക്തനായിരിക്കും. അവർക്കേ യഥാർഥ സംതൃപ്തിയും സന്തുഷ്ടിയും നേടിയെടുക്കാനാവൂ. ●